"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - തിരുവനന്തപുരം നഗരസഭ തിരുവല്ലം സോണൽ ഓഫീസിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- യു.ഡി.ക്ലർക്കായിരുന്ന ശ്രീമതി.കെ.സതിയ്ക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2941/2022/LSGD തീയതി,തിരുവനന്തപുരം, 28-11-2022

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 13.06.2013 തീയതിയിലെ ഇ1(എസ്.സി.11/2012/ടി.വി.എം.)7284/12 നമ്പർ കത്ത്.
2. 06.05.2014 തീയതിയിലെ 437/ഇയു2/2014/തസ്വഭവ- നമ്പർ കുറ്റാരോപണമെമ്മോ/പത്രിക.
3. നഗരകാര്യ ഡയറക്ടറുടെ 20.04.2021 തീയതിയിലെ വി1-8755/2014 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയുടെ തിരുവല്ലം സോണൽ ഓഫീസ് പരിധിയിൽ അനധികൃത കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 23/08/2012, 24/08/2012, 14/09/2012 എന്നീ ദിവസങ്ങളിൽ ടി നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ KVDP (കോവളം - വിഴിഞ്ഞം ഡെവലപ്പ്മെന്റ് പ്രോജക്ട്) സ്കീമിൽ ഉൾപ്പെട്ട പ്രദേശത്ത് കേരള ബിൽഡിംഗ് റൂൾസ് 1999 ലംഘിച്ച് നടത്തിയ കെട്ടിട നിർമ്മാണം സംബന്ധിച്ച ഫയലുകൾ അന്വേഷണ ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിരുന്നില്ലായെന്നതിന്, ടി ഫയലുകളുടെ സൂക്ഷിപ്പ് ചുമതലയുണ്ടായിരുന്ന സെക്ഷൻ ക്ലാർക്ക് ശ്രീമതി.കെ.സതി ഉത്തരവാദിയാണെന്ന് കണ്ടെത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടറുടെ പരാമർശം (1) ശിപാർശ പ്രകാരം, ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു.

2. തിരുവനന്തപുരം പാച്ചല്ലൂർ എൽ.പി.സ്കൂൾ ഭാഗത്തുള്ള നൂറാണി ആശുപത്രിക്ക് എതിർവശത്തെ 3 നില കെട്ടിടവും, പാച്ചല്ലൂർ എൽ.പി.സ്കൂളിൽ സമീപം പഴയ വില്ലേജ് ഓഫീസ് കെട്ടിടത്തിനടുത്തായി റോഡിന്റെ പടിഞ്ഞാറു വശത്തുള്ള ഇരുനില കെട്ടിടവും KVDP (കോവളം - വിഴിഞ്ഞം ഡെവലപ്പ്മെന്റ് പ്രോജക്ട്) സ്കീമിനും കേരള ബിൽഡിംഗ് റൂൾസ്- 1999 -നും വിരുദ്ധമായി കെട്ടിടനിർമ്മാണാനുമതി നൽകിയിരുന്നുവെന്നും എന്നാൽ ബന്ധപ്പെട്ട ഫയലുകൾ അന്വേഷണ ഉദ്യോഗസ്ഥർക്ക് നൽകിയിരുന്നില്ലെന്നുമാണ് ടിയാൾക്കെതിരായ

ആരോപണം. ശ്രീമതി.കെ.സതി കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് നല്കിയ മറുപടിയിൽ, വിജിലൻസ് ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് ആവശ്യപ്പെട്ട ഫയലുകളെല്ലാം സൂപ്രണ്ട് മുഖേന നൽകിയിട്ടുള്ളതാണെന്നും പരാമർശിത ഫയലുകൾ ടിയാൾ സെക്ഷനിൽ ചാർജ്ജെടുത്തപ്പോൾ ടിയാളുടെ മുൻഗാമി കൈമാറിയിട്ടില്ലാത്തതാണെന്നും പറയുന്നു. രണ്ടു ഫയലുകൾ വളരെയധികം പരിശ്രമിച്ചിട്ടും കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതും വിവരം സെക്ഷൻ സൂപ്രണ്ട് മുഖേന വിജിലൻസ് ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുള്ളതുമാണെന്നും ടിയാൾ മറുപടിയിൽ പരാമർശിച്ചിരിക്കുന്നു. കാണാതായ ഫയലുകളിൽ ഈസാപ്പകത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം സംബന്ധിച്ച ഫയൽ 1998-99 കാലയളവിൽ തിരുവല്ലം പഞ്ചായത്തിന്റെ പരിധിയിലായിരുന്നതും പിന്നീട് തിരുവനന്തപുരം കോർപ്പറേഷനോട് ചേർന്നപ്പോൾ തിരുവല്ലം സോണിന്റെ പരിധിയിൽ വന്നിട്ടുള്ളതാണെന്നും മറുപടിയിൽ സൂചിപ്പിക്കുന്നു. ഫയലുകൾ കണ്ടുകിട്ടാത്തതിന് ടിയാൾ ഉത്തരവാദിയല്ലാത്തതിനാൽ ടിയാളെ കുറ്റവിമുക്തയാക്കണമെന്ന് അപേക്ഷിച്ചിരുന്നു.

3. നഗരകാര്യഡയറക്ടർ സമർപ്പിച്ച പരാമർശം (3) റിപ്പോർട്ട് പ്രകാരം തിരുവല്ലം മേഖലാ ഓഫീസിലെ രേഖകൾ പരിശോധിച്ചതിൽ, തിരുവനന്തപുരം നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗം സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീമതി.കെ.സതിയുടെ കാലയളവിൽ പരാമർശിത ഫയലുകൾ ടിയാരി കൈകാര്യം ചെയ്തിട്ടില്ലായെന്നും ടിയാരിക്ക് പ്രസ്തുത ഫയലുകളുടെ ചാർജ്ജ് ലഭിച്ചിട്ടില്ലെന്നും തിരുവനന്തപുരം നഗരസഭാ അഡീഷണൽ സെക്രട്ടറിയുടെ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നതായി അറിയിക്കുന്നു.

4. എന്നാൽ അനധികൃത നിർമ്മാണം സംബന്ധിച്ച ഫയലുകൾ വിജിലൻസ് പരിശോധനാ വേളയിൽ ലഭ്യമാക്കാതിരുന്നത് നഗരസഭാ അധികൃതരുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ് എന്നും ഫയലുകൾ സൂക്ഷിക്കുന്നതിന്റെ ഉത്തരവാദിത്തം സെക്ഷൻ ക്ലാർക്കിൽ നിക്ഷിപ്തമാണെങ്കിലും ശ്രീമതി.കെ.സതിയുടെ മറുപടി പ്രകാരം ടിയാരിക്ക് പ്രസ്തുത ഫയലുകൾ മുൻ ക്ലാർക്കിൽ നിന്നും കൈമാറിയിട്ടില്ലാത്തതാണ് എന്നും കൈമാറികിട്ടിയ ഫയലുകളുടെ ലിസ്റ്റ് ടിയാരി മറുപടിയോടൊപ്പം ചേർത്തിട്ടുള്ളതും. പരാമർശിത ഫയലുകളുടെ ചാർജ്ജ് ശ്രീമതി.കെ.സതിയ്ക്ക് ലഭിച്ചിട്ടില്ലായെന്ന് നഗരസഭാ അഡീഷണൽ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ് എന്നും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. ടി സാഹചര്യത്തിൽ ശ്രീമതി.കെ.സതിയുടെ ഭാഗത്ത് വീഴ്ചയുണ്ടായതായി കരുതാനാവില്ലായെന്നതിനാൽ ടിയാരിക്കെതിരായ അച്ചടക്കനടപടികൾ തീർപ്പാക്കുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനത്തിനായി നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോയ്ക്കുള്ള മറുപടി, നഗരകാര്യഡയറക്ടറുടെ ശുപാർശ എന്നിവ പ്രകാരം വിശദമായി പരിശോധിച്ചതിൽ കെട്ടിട നിർമ്മാണം സംബന്ധിച്ച ഫയലുകൾ വിജിലൻസ് പരിശോധനാവേളയിൽ അന്വേഷണ ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിരുന്നില്ലായെന്ന സെക്ഷൻ ക്ലാർക്കായ ശ്രീമതി.കെ.സതിയ്ക്കെതിരായ ആരോപണത്തിൽ, ടിയാളുടെ ഭാഗത്ത് നിന്നും വീഴ്ചയുണ്ടായതായി കാണുന്നില്ല.

6. മേൽ സാഹചര്യത്തിൽ തിരുവനന്തപുരം നഗരസഭ തിരുവല്ലം സോണൽ ഓഫീസിൽ

യു.ഡി.ക്ലർക്കായിരുന്ന ശ്രീമതി.കെ.സതിയ്ക്കെതിരായി വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്കനടപടിയിൽ തുടർനടപടികൾ ഒഴിവാക്കി അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം .
ശ്രീമതി.കെ.സതി, യു.ഡി.ക്ലർക്ക്, തിരുവല്ലം സോണൽ ഓഫീസ്, തിരുവനന്തപുരം നഗരസഭ, (നഗരകാര്യ ഡയറക്ടർ മുഖേന).
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Sonu Jacob
Date: 29-11-2022 10:34:26
സെക്ഷൻ ഓഫീസർ